പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3349** — **19.06.2018 ൽ മറുപടിക്ക്**

## ജലഗതാഗതവകുപ്പിന്റെ യാത്രാനൗകകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| (എ) ജലഗതാഗതവകുപ്പിന്റെ അധീനതയിൽ എത്ര യാത്രാനൗകകൾ ഉണ്ടെന്ന് അറിയിക്കാമോ ; | (എ) യും (ബി) യും ജലഗതാഗതവകുപ്പിന്റെ അധീനതയിൽ 89 യാത്രാനൗകകൾ ഉണ്ട്. അവയിൽ 56 എണ്ണം സഞ്ചാരയോഗ്യമായവയാണ്. |
| (ബി) അവയിൽ എത്ര എണ്ണം സഞ്ചാരയോഗ്യമായവയുണ്ടെന്ന് വ്യക്തമാക്കാമോ; | |
| (സി) അറ്റകുറ്റപ്പണി ആവശ്യമായവയുടെ അറ്റകുറ്റപ്പണികൾക്ക് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (സി) ആലപ്പുഴയിലുള്ള ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ ഡ്രൈഡോക്കിലും, സ്ലിപ് വേയിലും മേജർ റിപ്പയറിനുള്ള ബോട്ടുകളുടെ റിപ്പയർ പണികളും, എറണാകുളം മേഖലയിലെ തേവര യാർഡിൽ മൈനർ റിപ്പയറും നടത്തി വരുന്നു. പയ്യന്നൂർ മേഖലയിലെ സ്ലിപ് വേയിലും പണികൾ നടത്തിവരുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ യാത്രാനൗകകൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു സോളാർ ബോട്ടും, ഒരു റെസ്ക്യൂ ബോട്ടും വാങ്ങിയിട്ടുണ്ട്. നാല് റെസ്ക്യൂ ബോട്ടുകളുടെയും, 14 സർവ്വീസ് ബോട്ടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ